# MCC HSS DIGITAL E-MAGAZINE 2019-2020 LITTLE KITE'S



# M.C.C

# HIGHER SECONDARY SCHOOL,

# സഫലമീ യാത്ര :-

ആർദ്രമീ ധനുമാസ രാവുകളിലൊന്നിൽ ആതിര വരും പോകുമല്ലേ സഖീ

ആർദ്രമീ ധനുമാസ രാവുകളിലൊന്നിൽ ആതിര വരും പോകുമല്ലേ സഖീ

ഞാനീ ജനലഴി പിടിച്ചൊട്ടു നിൽക്കട്ടെ നീയെന്നണിയത്തു തന്നെ നിൽക്കൂ

ഈ പഴങ്ങുടൊരു ചുമയ്ക്കടി ഇടറി വീഴാം

വ്രണിതമാം കണ് ഠത്തിൽ ഇന്നു നോവിത്തിരി കുറവുണ്ട്

വളരെ നാൾ കൂടി ഞാൻ നേരിയ നിലാവിന്റെ

പിന്നെ അനന്തതയിൽ അലിയും ഇരുൾ നീലിമയിൽ

എന്തോ പഴകിയൊരോർമ്മകൾ മാതിരി നിന്നു വിറക്കുമീ ഏകാന്ത താരകളെ

ഇന്നൊട്ട് കാണട്ടെ നീ തൊട്ടു നിൽക്കൂ

ആതിര വരുന്നേരമൊരുമിച്ച് കൈകൾ കോർത്തെതിരേൽക്കണം നമുക്കിക്കുറി

ആതിര വരുന്നേരമൊരുമിച്ച് കൈകൾ കോർത്തെതിരേൽക്കണം നമുക്കിക്കുറി

വരും കൊല്ലമാരെന്നുമെന്തെന്നുമാർക്കറിയാം

ആതിര വരുന്നേരമൊരുമിച്ച് കൈകൾ കോർത്തെതിരേൽക്കണം നമുക്കിക്കുറി

വരും കൊല്ലമാരെന്നുമെന്തെന്നുമാർക്കറിയാം

എന്ത് നിൻ മിഴിയിണ തുളുമ്പുന്നുവോ സഖീ ചന്തം നിറക്കുകീ ശിഷ്ടദിനങ്ങളിൽ

മിഴിനീർ ചവർപ്പ് പെടാതീ മധുപാത്രം അടിയോളം മോന്തുക

നേർത്ത നിലാവിന്റെ അടിയിൽ തെളിയുമിരുൾ നോക്ക്

ഇരുളിന്റെ അറകളിലെ ഓർമ്മകളെടുക്കുക ഇവിടെ എന്തോർമ്മകളെന്നോ

നെറുകയിലിരുട്ടേന്തി പാറാവ് നിൽക്കുമീ തെരുവ് വിളക്കുകൾക്കപ്പുറം

പധിതമാം ബോധത്തിനപ്പുറം ഓർമ്മകൾ ഒന്നും ഇല്ലെന്നോ ഒന്നുമില്ലെന്നോ

പല നിറം കാച്ചിയ വളകൾ അണിഞ്ഞും അഴിച്ചും

പല മുഖം കൊണ്ട് നാം തമ്മിൽ എതിരേറ്റും

പല നിറം കാച്ചിയ വളകൾ അണിഞ്ഞും അഴിച്ചും

പല മുഖം കൊണ്ട് നാം തമ്മിൽ എതിരേറ്റും

എന്നും പരസ്പരം മോഹിച്ചും പതിറ്റാണ്ടുകൾ നീണ്ടോരീ

അറിയാത്ത വഴികളിൽ എത്ര കൊഴുത്ത ചവർപ്പ് കുടിച്ചു വറ്റിച്ചു നാം

ഇത്തിരി ശാന്തിതൻ ശർക്കര നുണയുവാൻ ഓർമ്മകളുണ്ടായിരിക്കണം

ഒക്കെയും വഴിയോര കാഴ്ചകളായി പിറകിലേക്കോടി മറഞ്ഞിരിക്കാം

പാതിയിലേറെ കടന്നുവല്ലോ വഴി പാതിയിലേറെ കടന്നുവല്ലോ വഴി

ഏതോ പുഴയുടെ കളകളത്തിൽ ഏതോ മലമുടി പോക്കുവെയിലിൽ

ഏതോ നിശീഥത്തിൻ തേക്ക് പാട്ടിൽ ഏതോ വിജനമാം വഴി വക്കിൽ നിഴലുകൾ നീങ്ങുമൊരു താന്തമാം അന്തിയിൽ

പടവുകളായ് കിഴക്കേറെ ഉയർന്നു പോയ്

കടു നീല വിണ്ണിൽ അലിഞ്ഞുപോം മലകളിൽ

പടവുകളായ് കിഴക്കേറെ ഉയർന്നു പോയ്

കടു നീല വിണ്ണിൽ അലിഞ്ഞുപോം മലകളിൽ

പുളയും കുരുത്തോല തെളിയുന്ന പന്തങ്ങൾ

വിളയുന്ന മേളങ്ങൾ ഉറയുന്ന രാവുകളിൽ

എങ്ങാനൊരുണ്ടാൽ പാട്ട് ഉയരുന്നുവോ സഖീ

എങ്ങാനോത്രുഞ്ഞാൽ പാട്ട് ഉയരുന്നുവോ

ഒന്നുമില്ലെന്നോ ഒന്നുമില്ലെന്നോ

ഓർമ്മകൾ തിളങ്ങാതെ മധുരങ്ങൾ പാടാതെ

പാതിരകൾ ഇളകാതെ അറിയാതെ

ആർദ്രയാം ആർദ്ര വരുമെന്നോ സഖീ

ആർദ്രയാം ആർദ്ര വരുമെന്നോ സഖീ

ഏതാണ്ടൊരോർമ്മ വരുന്നുവോ ഓർത്താലും ഓർക്കാതിരുന്നാലും

ആതിര എത്തും കടന്നുപോമീ വഴി നാമീ ജനലിലൂടെതിരേൽക്കും

ഇപ്പഴയോരോർമ്മകൾ ഒഴിഞ്ഞ താലം

തളർന്നൊട്ടു വിറയാർന്ന കൈകളിലേന്തി

അതിലൊറ്റ മിഴിനീർ പതിക്കാതെ മനമിടറാതെ

കാലമിനിയുമുരുളും വിഷു വരും വർഷം വരും തിരുവോണം വരും

കാലമിനിയുമുരുളും വിഷു വരും വർഷം വരും തിരുവോണം വരും

പിന്നെയോരോ തളിരിനും പൂ വരും കായ് വരും

അപ്പോളാരെന്നും എന്തെന്നും ആർക്കറിയാം

നമുക്കിപ്പോഴീ ആർദ്രയെ ശാന്തരായ് സൗമ്യരായ് എതിരേൽ
ക്കാം

വരിക സഖീ അരികത്തു ചേർന്ന് നിൽക്കൂ

പഴയൊരു മന്ത്രം സ്മരിക്കാം അന്യോന്യം ഊന്നുവടികളായി നിൽക്കാം

ഹാ സഫലമീ യാത്ര DHIYANESWAR 10 A

# ഒരു വട്ടം:-

ഒരു വട്ടം കൂടിയെന്നോർമകൾ മേയുന്ന

തിരുമുറ്റത്തെത്തുവാൻ മോഹം

തിരുമുറ്റത്തൊരു കോണിൽ നിൽക്കുന്നൊരാനെല്ലി

മരമൊന്നുലുത്തുവാൻ മോഹം.

അടരുന്ന കായ്മണികൾ പൊഴിയുമ്പോൾ
ചെന്നെടുത്ത് അതിലൊന്നു തിന്നുവാൻ മോഹം
സുഖമെഴും കയ്പ്പും പുളിപ്പും മധുരവും
നുകരുവാനിപ്പോഴും മോഹം

തൊടിയിലെ കിണർവെള്ളം കോരിക്കുടിച്ചെന്തു
മധുരമെന്നോതുവാൻ മോഹം
എന്തു മധുരമെന്നോതുവാൻ മോഹം

ഒരുവട്ടം കൂടിയാപ്പുഴയുടെ തീരത്തു

വെറുതെയിരിക്കുവാൻ മോഹം

വെറുതെയിരുന്നോരാക്കുയിലിന്റെ

പാട്ടുകേട്ടെതിർപാട്ടു പാടുവാൻ മോഹം

അതുകേൾക്കെയുച്ചത്തിൽ കൂകും കുയിലിന്റെ

ശ്രുതി പിന്തുടരുവാൻ മോഹം

ഒടുവിൽ പിണങ്ങി പറന്നുപോം പക്ഷിയോടു

അരുതേയെന്നോതുവാൻ മോഹം

വെറുതേയീ മോഹങ്ങൾ എന്നറിയുമ്പോഴും

വെറുതേ മോഹിക്കുവാൻ മോഹം

വെറുതേയീ മോഹങ്ങൾ എന്നറിയുമ്പോഴും

വെറുതേ മോഹിക്കുവാൻ മോഹം

വെറുതേ മോഹിക്കുവാൻ മോഹം

ADHYUDH M.T 10 A

# ***രേണുകേ നീ രാഗരേണു***

# ***കിനാവിന്റെ:-***

നീലകടമ്പിൻ പരാഗരേണു

പിരിയുമ്പോഴേതോ നനഞ്ഞകൊമ്പിൽ നിന്നു

നിലതെറ്റി വീണ രണ്ടിലകൾ നമ്മൾ

രേണുകേ നാം രണ്ടു മേഘശകലങ്ങളായ്

അകലേക്കുമറയുന്ന ക്ഷണഭംഗികൾ

മഴവില്ല് താഴെ വീണുടയുന്ന മാനത്ത്

വിരഹ മേഘ ശ്യാമ ഘനഭംഗികൾ

പിരിയുന്നു രേണുകേ നാം രണ്ടുപുഴകളായ്

ഒഴുകി അകലുന്നു നാം പ്രണയശൂന്യം

ജലമുറഞ്ഞൊരു ദീർഘ ശിലപോലെ നീ,

വറ്റി വറുതിയായ് ജീർണ്ണമായ് മൃതമായിഞാൻ

ഓർമ്മിക്കുവാൻ ഞാൻ നിനക്കെന്തു നല്കണം

ഓർമ്മിക്കണം എന്ന വാക്കു മാത്രം

എന്നെങ്കിലും വീണ്ടും എവിടെ വച്ചെങ്കിലും

കണ്ടുമുട്ടാമെന്ന വാക്കുമാത്രം

നാളെ പ്രതീക്ഷതൻ കുങ്കുമപൂവായി

നാം കടംകൊള്ളുന്നതിത്രമാത്രം

രേണുകേ നാം രണ്ടു നിഴലുകൾ

ഇരുളിൽ നാം രൂപങ്ങളില്ലാ കിനാവുകൾ

പകലിന്റെ നിറമാണു നമ്മളിൽ

നിനവും നിരാശയും

കണ്ടുമുട്ടുന്നു നാം വീണ്ടുമീ സന്ധ്യയിൽ

വർണ്ണങ്ങൾ വറ്റുന്ന കണ്ണുമായി

നിറയുന്നു നീ എന്നിൽ നിന്റെ കണ്മുനകളിൽ

നിറയുന്ന കണ്ണുനീർ തുള്ളിപോലെ

ഭ്രമമാണുപ്രണയം വെറും ഭ്രമം

വാക്കിന്റെ വിരുതിനാൽ തീർക്കുന്ന സ്പടിക സൗധം

എപ്പോഴൊ തട്ടി തകർന്നുവീഴുന്നു നാം

നഷ്ടങ്ങളറിയാതെ നഷ്ടപ്പെടുന്നു നാം

സന്ധ്യയും മാഞ്ഞു നിഴൽ മങ്ങി നോവിന്റെ

മൂകന്ധകാരം കനക്കുന്ന രാവതിൽ

മുന്നിൽ രൂപങ്ങളില്ലാ കനങ്ങളായ്

നമ്മൾ നിന്നു നിശബ്ദ ശബ്ദങ്ങളായ്

പകലുവറ്റി കടന്നുപോയ് കാലവും

പ്രണയമുറ്റിച്ചിരിപ്പു രൗദ്രങ്ങളും

പുറകിലാരോ വിളിച്ചതായ് തോന്നിയോ

പ്രണയമരുതന്നുരഞ്ഞതായ് തോന്നിയോ

ദുരിത മോഹങ്ങൾക്കുമുകളിൽ നിന്നൊറ്റക്ക്

ചിതറി വീഴുന്നതിൻ മുമ്പല്പമാത്രയിൽ

ക്ഷണികമായെങ്കിലും നാം കണ്ട കനവിന്റെ

മധുരം മിഴിപ്പൂ നനച്ചുവോ രേണുകേ...

രേണുകേ നീ രാഗരേണു കിനാവിന്റെ

നീലകടമ്പിൻ പരാഗരേണു

പിരിയുമ്പോഴേതോ നനഞ്ഞകൊമ്പിൽ നിന്നു

നിലതെറ്റി വീണ രണ്ടിലകൾ നമ്മൾ...!

*ABHIRAM.K 10 A*

# *MOBILE PHONE*

*MOBILE PHONES are also known as cellphones. Cellphones are the perfect way to stay connected with others and provide the use with a sense of security .*

*The importance of cell phones goes way beyond the ability to make or receive phone calls.*

*VISHNU 10A*

# *CHILD LABOUR*

*CHILD LABOUR IS ONE OF THE MOST IMPORTANT FACTOR THAT TOOK PLACE IN OUR COUNTRY . IN HOTELS,FACTORIES THE OWNERS ARE ABUSING THE CHILDREN . AUTHORITIES HAVE TO TAKE ACTION AGAINST THEM .CHILDREN HAVE TO BE GIVEN PROTECTION .*

*MUHAMMED RAZAN*

*9A*

*Drug Addiction*

*Addiction is really a dangerous factor . Drug addiction is a brain disease because the abuse ofdrugs leads to changes in structure and function of brain .People with an addiction do not have control over what they are doing ,taking or using .There are many factors which lead the children to drug addiction. They are friends involvement ,over tension, etc.*

*Niranjan K - Xb*

*How can people make Peace – A Moral Story*

*Frank & Jerry were good neighbours- That is until Jerry held a late night party . When Frank complained about the noise, Jerry took offense at his manner .They argued.After that they avoided each other*

*Remin Ranjeev – 9b*

*Corona Virus*

*It is a group of Viruses that cause diseases in mammala and birds. In humans,the virus spread through while breathing.The Prevention of the virus is that by taking regular flu tablets ,drinking fluids and resting . And also wear masks while travelling in order to prevent the flu to other people.*

*Arjun k – X E*

*MOTHER*

*Mother loves her children and it can’t be described in words .For everyone,their mother is the best though others may see her as a strict ,unkind, Selfish & nosy person.My mother has many best qualities- She is kind and caring ,energetic,in home.She always stands for the family .She has got patience. She and saves while their children are in trouble and always advices for their children good will.*

*Abhay – 9c*